താണ് കോർപ്പറേഷന്റെ നയം. ഇക്കാരണത്താൽ കണ്ണൂർ ആശുപത്രി വായ്പ റമ്പ് വഴി അഴിക്കൽ സർവ്വീസ് പുനരാരംഭിക്കാൻ നിർവ്വാഹമില്ല.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

മി. സ്പീക്കർ : ശ്രദ്ധക്ഷണിക്കൽ.....ശ്രീ സി.ടി. അഹമ്മദ് അലി, (ബഹുമാനപ്പെട്ട സ്പീക്കർ ശ്രദ്ധക്ഷണിക്കൽ പ്രമേയം അവതരിപ്പിക്കാൻ ശ്രീ. സി.ടി. അഹമ്മദ് അലിയെ ക്ഷണിച്ച ഉടനെതന്നെ പ്രതിപക്ഷനേതാവ് സംസാരിക്കാൻ എഴുന്നേൽക്കുകയും സ്പീക്കർ അദ്ദേഹത്തെ സംസാരിക്കാൻ അനുവദിക്കുകയും ചെയ്തു.)

പ്രതിപക്ഷനേതാവ് (ശ്രീ. എ.കെ. ആന്റണി : സർ, ഈ നിയമസഭയുടെ എട്ടു ദിവസത്തെ പ്രവർത്തനം തടസ്സപ്പെട്ടിട്ടും പ്രതിപക്ഷം ഉന്നയിച്ച പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാക്കാൻ ഗവൺമെന്റ് തയ്യാറാകാത്തതിൽ പ്രതിഷേധിച്ച് പ്രതിപക്ഷത്തുനിന്നും നാല് നിയമസഭാ മെമ്പർമാർ ഇന്ന് അസംബ്ലിക്കകത്ത് നിരാഹാര സത്യാഗ്രഹം നടത്തുവാൻ ഉദ്ദേശിക്കുകയാണ്. ശ്രീ. പി.ജെ. ജോയി, ശ്രീ. കെ.സി. ജോസഫ്, ശ്രീ. കെ. ബാബു, ശ്രീ. തോമസ് ചാഴികാടൻ എന്നീ നാല് മെമ്പർമാരാണ് നിയമസഭയ്ക്കകത്ത് നിരാഹാരസത്യാഗ്രഹമാരംഭിക്കുന്നത്.

(ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ പ്രഖ്യാപനത്തെത്തുടർന്ന് സർവ്വശ്രീ. പി.ജെ. ജോയി, കെ.സി. ജോസഫ്, കെ. ബാബു, തോമസ് ചാഴികാടൻ എന്നീ പ്രതിപക്ഷംഗങ്ങൾ സഭയുടെ നടുത്തളത്തിൽ വന്ന് നിരാഹാരസത്യാഗ്രഹമിരിക്കുകയും മറ്റ് പ്രതിപക്ഷാംഗങ്ങൾ അവർക്ക് അഭിവാദ്യം അർപ്പിച്ച് മുദ്രാവാക്യം വിളിച്ചുകൊണ്ട് സഭയുടെ നടുത്തളത്തിൽ ഇറങ്ങി നിൽക്കുകയും ചെയ്തു.)

മി സ്പീക്കർ : ചെയറിന് ഒരുകാര്യം സൂചിപ്പിക്കാനുണ്ട്. പ്ലീസ്.....(ബഹളം).....നിയമസഭയുടെ സമ്പൂർണ്ണ ബഡ്ജറ്റ് സമ്മേളനം ആരംഭിച്ചത് ജൂൺ മാസം 19-ാം തീയതിയാണ്. കഴിഞ്ഞ 19-ാം തീയതി മുതൽ എട്ടു ദിവസമായി ഈ സഭ തുടരാൻ കഴിയാത്ത ഒരു സ്ഥിതിവിശേഷമാണ് നിലനിൽക്കുന്നത്. ആ തുടർന്നുവരുന്ന സമരപരിപാടികളുടെ ഭാഗമായി നാല് ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങൾ നിയമസഭയുടെ നടുത്തളത്തിൽ അനിശ്ചിതകാലം നിരാഹാരസമരം.....അല്ലേ.....(ബഹളം).....സമരം ഇവിടെ ആരംഭിക്കുന്നതായി..... പ്ലീസ്.....പ്ലീസ് ഹിയർ മി.....സമരം ഇവിടെ ആരംഭിക്കുന്നതായി ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പ്രഖ്യാപിക്കുകയുണ്ടായി. നിരാഹാര സമരം, തുടർച്ചയായ സമരം ഈ സഭയുടെ നടുത്തളത്തിൽ ആരംഭിക്കുന്നതായി അദ്ദേഹം ഇവിടെ പ്രതിപാദിച്ചുവെന്ന് ചെയർ മനസ്സിലാക്കുന്നു. ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങൾ ഇപ്പോൾ അതിനുവേണ്ടിയുള്ള തയ്യാറെടുപ്പിലാണ്. ഈ അവസരത്തിൽ ചെയറിന് ഒരു കാര്യം അപേക്ഷിക്കുവാനുള്ളത്, സമരമെന്നു പറയുന്നത് നമുക്ക് അന്യമല്ല. ജനാധിപത്യത്തിൽ സമരം എന്നുപറയുന്നത് നമ്മുടെ പ്രവർത്തനത്തിന്റെ ഭാഗം തന്നെയാണ്. പക്ഷേ ഇവിടെ ഇപ്പോൾ സ്വീകരിക്കുവാൻ പോകുന്ന സമരമാർഗ്ഗമെന്നു പറയുന്നത് കേരള നിയമസഭ തുടർന്നുവരുന്ന സമരമാർഗ്ഗമല്ല.....(ബഹളം).....പ്ലീസ്.....ഞാൻ സഭാനടപടികളും..... കഴിഞ്ഞകാല സഭാനടപടികൾ ചെയർ പരിശോധിച്ചു.....(ബഹളം).....പ്ലീസ് ഹിയർ മീ.....പ്ലീസ്.

ശ്രീ. എ.കെ. ആന്റണി : 1975-ൽ ഇ.എം.എസ്. സമരം ചെയ്തതോ?

മി. സ്പീക്കർ : പ്രതിപക്ഷനേതാവ് ഇപ്പോൾ ചൂണ്ടിക്കാണിക്കുന്ന ഉദാഹരണം സഭാരേഖകൾ ഞാൻ പരിശോധിച്ചു. 1975-ൽ ഉണ്ടായത് ഒരു ഒറ്റപ്പെട്ട സംഭവവമാണ്.....(ബഹളം).....സഭയുടെ കീഴ്വഴക്കം ചൂണ്ടിക്കാണിക്കുവാൻ കാൽനൂറ്റാണ്ടിനു പിന്നിലേയ്ക്ക് പോകേണ്ട കാര്യം സഭ

LIBRARY ARCHIVES Kerala Legislative Assembly

യ്ക്കില്ല. 25 വർഷങ്ങൾക്കു പിന്നിലേയ്ക്കു പോകേണ്ട കാര്യം സഭയ്ക്കില്ല. നിയമസഭയെ ഒരു സ്ഥിരം സമരകേന്ദ്രമാക്കുന്നത് ഈ സഭയോടുള്ള അനാദരവായി ചെയർ കാണുന്നു. അതുകൊണ്ട് എനിക്ക് വീണ്ടുമുള്ള അപേക്ഷ. .....ബഹളം.....നിയമസഭയെന്നു പറയുന്നത് ജനാധിപത്യത്തിന്റെ ശ്രീകോവിലാണ്.....(ബഹളം).....ജനാധിപത്യം സംരക്ഷിക്കുക എന്നതാണ്.....ജനാധിപത്യം സംരക്ഷിക്കുക മാത്രമല്ല, ജനാധിപത്യത്തിനു നല്ല നല്ല കീഴ്വഴക്കങ്ങൾ സൃഷ്ടിക്കേണ്ട ബാധ്യത ഈ സഭയ്ക്കുണ്ട്. അതുകൊണ്ട് ദൗർഭാഗ്യകരമായ ഈ സ്ഥിതിവിശേഷത്തിൽനിന്ന് ബഹുമാനപ്പെട്ട അംഗങ്ങൾ പിൻതിരിയണമെന്ന് വീണ്ടും വീണ്ടും ചെയർ അപേക്ഷിക്കുന്നു. ചെയർ സഭാ നടപടികളിലേയ്ക്കു കടക്കുകയാണ്. നോർമലായിട്ടിരുന്നാലേ സഭ നടത്താൻ പറ്റുകയുള്ളൂ. ഇങ്ങനെയിരുന്നാൽ പറ്റില്ല.....(ബഹളം).....ഇന്നത്തെ ബിസിനസ്, ഡിമാന്റിലേയ്ക്ക് കടക്കുകയാണ്. ധനകാര്യം റവന്യൂ വകുപ്പുമന്ത്രി, (അഴിമതിയാണേ, അഴിമതിയാണേ, പ്ലസ്ടു മുഴുവൻ അഴിമതിയാണ് എന്നു തുടങ്ങിയ മുദ്രാവാക്യങ്ങൾ വിളിച്ചുകൊണ്ട് പ്രതിപക്ഷത്തെ പിൻനിരയിലുള്ള അംഗങ്ങൾ സഭയുടെ നടുത്തളത്തിൽ നിന്ന് സഭാ നടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

II. ധനകാര്യം

2000-2001 സാമ്പത്തികവർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും.

ധനാഭ്യർത്ഥന നം. VI- ഭൂനികുതി-(തുക 77,40,89,000)

ധനാഭ്യർത്ഥന നം. XI- ജില്ലാഭരണവും പലവകയും-(തുക 67,36,12,000)

ധനാഭ്യർത്ഥന നം. XXVI- പ്രകൃതിക്ഷോഭം മൂലമുള്ള ദുരിതാശ്വാസത്തിന്-(തുക 86,17,33,000)

ധനാഭ്യർത്ഥന നം.	ധനാഭ്യർത്ഥനയുടെ പേര്	ബഡ്ജറ്റ് എസ്റ്റിമേറ്റ് 2000-2001-ന്റെ ലിസ്റ്റ്				
		27.3.2000-ത്തിൽ സഭ പാസ്സാക്കിയ വോട്ട് ഓൺ അക്കൗണ്ട് തുക		സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെ തുക		
		റവന്യൂ (രൂപ)	മൂലധനം (രൂപ)	റവന്യൂ (രൂപ)	മൂലധനം (രൂപ)	ആകെ (രൂപ)
(1)	(2)	(3)	(4)	(5)	(6)	(7)
VI	ഭൂനികുതി	38,70,45,000	-	77,40,89,000	-	77,40,89,000
XI	ജില്ലാഭരണവും പലവകയും	33,68,07,000	-	67,36,12,000	-	67,36,12,000
XXVI	പ്രകൃതിക്ഷോഭം മൂലമുള്ള ദുരിതാശ്വാസത്തിന്	43,08,67,000	-	86,17,33,000	-	86,17,33,000

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ) : ഭൂനികുതി എന്ന VI-ാം നംബർ ധനാഭ്യർത്ഥനയുടേയും, ജില്ലാഭരണവും പലവകയും എന്ന XI-ാം നംബർ ധനാഭ്യർത്ഥനയുടേയും, പ്രകൃതിക്ഷോഭം മൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നംബർ ധനാഭ്യർത്ഥനയുടേയും പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്ക് നേരെ 7-ാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുക 2000-2001

LIBRARY ARCHIVES Kerala Legislative Assembly